**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3307** **15-02-2024 - ൽ മറുപടിയ്ക്ക്**

**കുളിമാട് പാലം തകർന്ന സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുളിമാട് പാലം, പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോൾ തകർന്ന സംഭവത്തെക്കുറിച്ച് ഏതൊക്കെ രീതിയിലുള്ള അന്വേഷണമാണ് നടത്തിയിട്ടുള്ളത്; അന്വേഷണത്തിലെ കണ്ടെത്തലുകൾ വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് വിജിലൻസ് വിഭാഗം മുഖാന്തിരമുള്ള അന്വേഷണമാണ് നടത്തിയിട്ടുള്ളത്. പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തിന്റെ ആവശ്യാർത്ഥം NIT യിൽ നടത്തിയ പരിശോധനയിൽ ഹൈഡ്രോളിക് ജാക്കിൽ കണ്ടെത്തിയ തകരാറും, ദൃസാക്ഷികളുടെ മൊഴിയും, ബീം മറിഞ്ഞുവീണ രീതിയും വിശകലനം ചെയ്തതിൽ നിന്നും ജാക്കിന്റെ പ്രവർത്തനത്തിൽ ഉണ്ടായ അപാകതയാണ് അപകടത്തിന്റെ കാരണമെന്ന് കണ്ടെത്തിയതായി റിപ്പോർട്ടിൽ പറയുന്നു. ഗുണനിലവാര പരിശോധനാ ഫലങ്ങളുടെ അടിസ്ഥാനത്തിൽ ഇതുവരെയുള്ള നിർമ്മിതികൾക്ക് ഗുണമേന്മ സംബന്ധിച്ച ആശങ്കകൾ നിലനിൽക്കുന്നില്ല എന്നാണ് വിജിലൻസിന്റെ കണ്ടെത്തൽ. പ്രവൃത്തിക്കായി കരാർ കമ്പനി നിയോഗിച്ചിട്ടുള്ള ജീവനക്കാർക്ക് പ്രസ്തുത മേഖലയിൽ പ്രവൃത്തി പരിചയവും നൈപുണ്യവും ഉണ്ടായിരുന്നതായി കാണുന്നുവെന്നും റിപ്പോർട്ടിൽ പറയുന്നു. |
| (ബി) | പാലം തകർന്നതുമായി ബന്ധപ്പെട്ട് കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | (ബി) | റിപ്പോർട്ടിലെ നിർദ്ദേശങ്ങളിന്മേൽ നടപടി സ്വീകരിക്കുവാൻ പദ്ധതി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രവൃത്തിയുടെ ചുമതലയുണ്ടായിരുന്ന KRFB അസിസ്റ്റന്റ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ ജില്ലയ്ക്ക് പുറത്തേക്ക് മാറ്റി നിയമിക്കുകയും ചെയ്തു. |
| (സി) | പ്രസ്തുത പാലം തകർന്നതു മൂലം ഉണ്ടായ സാമ്പത്തിക നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നഷ്ടം എങ്ങനെയാണ് ഈടാക്കിയതെന്ന് വ്യക്തമാക്കാമോ? | (സി) | സർക്കാരിന് സാമ്പത്തിക നഷ്ടമൊന്നും സംഭവിച്ചിട്ടില്ല. കരാർ പ്രകാരം കേടുപാടുകൾ സംഭവിച്ച ബീമുകൾ കരാർ കമ്പനിയുടെ ചെലവിൽ തന്നെ സൈറ്റിൽ നിന്ന് നീക്കം ചെയ്ത് പകരം പുതിയത് നിർമ്മിച്ച് പ്രവൃത്തി ആരംഭിച്ച് പൂർത്തിയാക്കിയിരുന്നു. കരാർ പ്രകാരം ബീം മാറ്റി പുതിയത് നിർമ്മിക്കുന്നതിനും നിലവിലുള്ള നിർമ്മിതിയുടെ തുടർപരിശോധനകൾക്കും |

| | | | |
|---|---|---|---|
| | | | കേട്ടുപാട്ടുകൾ തീർക്കുന്നതിനുള്ള പൂർണ്ണമായ ചെലവ് കരാർ കമ്പനിയുടെ ഉത്തരവാദിത്തമാണ്. |

സെക്ഷൻ ഓഫീസർ